**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീ. സന്തോഷ്.എ.ജി, അഗ്രിക്കൾച്ചറൽ ഓഫീസർ, കൃഷിഭവൻ, പട്ടാഴി, കൊല്ലം - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1072/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/05/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin സർക്കാർ ഉത്തരവ്

3. 7/7/2017 തീയതിയിലെ സ.ഉ(സാധാ) നം. 2309/17/തസ്വഭവ ഉത്തരവ്

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.10.2018-ലെ 7283/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം പട്ടാഴി നോർത്ത് കൃഷിഭവനിലെ അഗ്രിക്കൾച്ചറൽ ഓഫീസറായ ശ്രീ.സന്തോഷ്.എ.ജി-യെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി **11/07/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **12/07/2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(4)**-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

**(3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പട്ടാഴി നോർത്ത് കൃഷിഭവനിലെ അഗ്രിക്കൾച്ചർ ഓഫീസറായ ശ്രീ. സന്തോഷ് എ.ജി-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി **12/07/2018** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (അഗ്രിക്കൾച്ചർ ഡയറക്ടർ മുഖേന)
ഡയറക്ടർ, കൃഷിവകുപ്പ് , തുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**